(സി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച ആരൊക്കെയാണ് വീണ്ടും പിരിച്ചു വിടാൻ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്തു വർഷത്തിലധികമായി ജോലി ചെയ്തുവരുന്ന ഈ വിധത്തിലുള്ള പമ്പ് ഹൗസ് ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പമ്പ് ഹൗസുകളിൽ ജല അതോറിറ്റി കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി കേരള വാട്ടർ അതോറിറ്റിക്ക് എതിരെ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) വാട്ടർ അതോറിറ്റിയിൽ കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ നിർവാഹമില്ല.

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

133 (5023) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ എത്രയെന്നും, ആയത് നികത്തുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

കേരള വാട്ടർ അതോറിറ്റിയിൽ പ്രൊമോഷൻവഴി നികത്താനുള്ള 18 ഒഴിവുകൾ ഉൾപ്പെടെ 30 ഒഴിവുകളാണ് നിലവിലുള്ളത്. ഇതിൽ 12 ഒഴിവുകൾ ശൂന്യവേതന അവധി ഒഴിവുകളും ഉപരിപഠനത്തിനുപോയ ഉദ്യോഗസ്ഥരുടെ ഒഴിവുകളുമാണ്. പ്രൊമോഷൻവഴി നികത്താനുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

134 (5024) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുകമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഏതെല്ലാം പദ്ധതികളുടെ പ്രവർത്തനമാണ് നടക്കുന്നത് ;

(സി) പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ചെറുകിട ജലസേചന പദ്ധതികൾ വെള്ളപ്പൊക്കംമൂലം കെടുതികൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) വെള്ളപ്പൊക്ക സാധ്യത കൂടുതലുള്ള പ്രദേശങ്ങൾക്കായി പദ്ധതികൾ ആസൂത്രണം ചെയ്യുമോ ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക കെടുതികൾ ഒഴിവാക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികൾ ഫലപ്രദമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ഓരോ വർഷവും സംസ്ഥാന സർക്കാർ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ നീക്കിവയ്ക്കുന്ന തുകകൾ കൊണ്ട് നദികളുടേയും പുഴകളുടേയും തീരം വെള്ളപ്പൊക്കത്തിൽനിന്ന് രക്ഷിക്കാനായുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഫ്ളഡ് മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് വെള്ളപ്പൊക്ക നിയന്ത്രണത്തിനും നിവാരണത്തിനും വേണ്ട പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(സി - ഇ) അവശ്യം വേണ്ട പദ്ധതികൾ ഏതെന്ന് നിർണ്ണയിച്ചതിനു ശേഷം യുക്തമായ തലത്തിൽ പരിശോധിച്ച്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ ഇത്തരം പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളു.

(എഫ്) ജലസേചന വകുപ്പിനുകീഴിൽ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾമൂലം ഒരു പരിധിവരെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്.

സ്പാൻ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

135 (5025) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശുദ്ധജല വിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന 'സ്പാൻ' പദ്ധതിയിൻകീഴിൽ

LIBRARY ARCHIVES Kerala Legislative Assembly